# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Janurary 16 - 2009


# ദില്ലി, മുംബൈ, ബാംഗ്ലൂർ ഭദ്രാസനങ്ങൾ നിലവിൽ വന്നു ശ്രേഷ്ഠ കാതോലിക്ക ബാവാ ചുമതല ഏറ്റെടുത്തു.

ദില്ലി, മുംബൈ, ബാംഗ്ലൂർ എന്നീ ഭദ്രാസനങ്ങൾ നിലവിൽ വന്നു. ഇത് സംബന്ധിച്ച് പ. പാത്രിയർക്കീസ് ബാവാ E 124/8 നമ്പർ കൽപന പ്രകാരം ഭദ്രാസനങ്ങൾ വിഭജിക്കപ്പെടുകയും പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ E 9/09-ാം നമ്പർ കൽപന പ്രകാരം 2009 ജനുവരി 8-ാം തീയതി മുതൽ മെത്രാപ്പോലീത്തൻ ട്രസ്റ്റി എന്ന നിലയിൽ പുതിയതായി രൂപീകരിക്കപ്പെട്ട ഈ ഭദ്രാസനങ്ങളുടെ ചുമതല ശ്രേഷ്ഠ കാതോലിക്ക ബാവയെ ഏല്പിച്ചു.

ഓരോ ഭദ്രാസനങ്ങൾക്കും ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് അധികാരം ഏറ്റുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചു. സഭയുടെ ഭരണഘടന അനുശാസിക്കുന്ന വിധം അടുത്ത തിരഞ്ഞെടുപ്പ് നടക്കുന്നതുവരെ അതാത് ഭദ്രാസനങ്ങളുടെ അതിർത്തിയിൽപ്പെട്ട നിലവിലുള്ള കൗൺസിൽ അംഗങ്ങളേയും ബാവാ തിരുമനസ്സുകൊണ്ട് നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളേയും ഉൾപ്പെടുത്തി താത്ക്കാലിക സമിതിയെ ക്രമീകരിച്ചു.

നിലവിലുള്ള സബ്കമ്മറ്റി അംഗങ്ങളടക്കം എല്ലാവരും ഈ കാര്യങ്ങളിൽ സഹകരിച്ചുകൊള്ളണമെന്ന് ബാവാ തിരുമനസ്സിലെ കല്പനയിൽ പറയുന്നു. അതാത് ഭദ്രാസനങ്ങളുടെ വികാരിമാരുടെയും കൈക്കാരന്മാരുടെയും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെയും ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെയും സംയുക്ത യോഗം എത്രയുംവേഗം കൂടുവാൻ ക്രമീകരണങ്ങൾ ചെയ്യുന്നതായി ബാവാ കല്പനയിൽ പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ബാഹ്യകേരള ഭദ്രാസനത്തിന് സ്തുത്യർഹമായ നേതൃത്വം നൽകിയ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ സേവനങ്ങളെ ശ്രേഷ്ഠ ബാവ കല്പനയിൽ പ്രത്യേകം പ്രശംസിച്ചു.

## ദില്ലി, മുംബൈ, ബാംഗ്ലൂർ ഭദ്രാസന യോഗങ്ങൾ ജനുവരി 21, 22, 23 തീയതികളിൽ

പുതുതായി രൂപീകൃതമായ ദില്ലി, മുംബൈ, ബാംഗ്ലൂർ ഭദ്രാസനങ്ങളുടെ പള്ളിപ്രതിപുരുഷ യോഗങ്ങൾ 21, 22, 23 തീയതികളിൽ അതതു ഭദ്രാസന ആസ്ഥാനങ്ങളിൽ ചേരും. ഇതു സംബന്ധിച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ കല്പന എല്ലാ ദൈവാലയങ്ങളിലും വായിച്ചു.